## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2015 7/07/2015-ൽ മറുപടിക്ക്
## മാങ്കുളം, പള്ളിവാസൽ, തൊട്ടിയാർ, ചെങ്കുളം പദ്ധതികളുടെ പുരോഗതി.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) മാങ്കുളം , പള്ളിവാസൽ , തൊട്ടിയാർ, ചെങ്കുളം എന്നീ വൈദ്യുത പദ്ധതി കളുടെ പുരോഗതി വിശദമാക്കുമോ;<br><br>(ബി) ഏതെങ്കിലും പദ്ധതിയിൽ കാല താമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;എങ്കിൽ ഏത് പദ്ധതിയി ലാണ്;<br><br>(സി) ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (എ)യും (ബി)യും (സി)യും<br><br>1. മാങ്കുളം ജലവൈദ്യുത പദ്ധതി (40 MW) - ഈ പദ്ധതിക്കാവശ്യമായ 79.93 ഹെക്ടർ ഭൂമിയിൽ 52.87 ഹെക്ടർ സ്വകാര്യ ഭൂമിയാണ്. നാളിതുവരെ 29.45 ഹെക്ടർ ഭൂമി 131 ഭൂവുടമകളിൽ നിന്നും ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുകയും 19.05 ഹെക്ടർ ഭൂമി ബോർഡിന്റെ അധീനതയിലാക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം പദ്ധതിയുടെ നിർമ്മാണം വൈകുന്നതിന് കാരണമായിട്ടുണ്ട്.<br><br>ഭൂമി ഏറ്റെടുക്കുന്നത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭൂമി മുഴുവൻ ഏറ്റെടുത്തതിന് ശേഷം മാത്രമേ പദ്ധതിയുടെ ദർഘാസ് ക്ഷണിക്കാൻ സാധിക്കുകയുള്ളൂ.<br><br>2. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 MW / 153.9 MU). പദ്ധതിയുടെ പ്രവർത്തനങ്ങൾ 74 ശതമാനം പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ഇൻടേക്ക്, ടണൽ എന്നീ ഘടകങ്ങൾ വരുന്ന സ്ഥലത്ത് ഉദ്ദേശിച്ച രീതിയിൽ ഉറപ്പുള്ള പാറ ലഭ്യമാകാത്തതിനാൽ ഈ ഘടകങ്ങളുടെ നിർമ്മാണത്തിന് കാലതാമസം ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്ന തിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ NHPC യുടെ സഹായ |

C.-----2)

ത്തോടെ നൂതന സാങ്കേതിക വിദ്യ ഉൾപ്പെട്ടു ത്തിക്കൊണ്ടുള്ള നിർമ്മാണ രീതി അവിഷ്കരി ച്ചിട്ടുണ്ട്.

3. തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 MW/ 99 MU)- ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ മന്നാംകണ്ടം വില്ലേജിൽ നിർമ്മാണ പ്രവർ ത്തനങ്ങൾ നടന്നു വരുന്ന തോട്ടിയാർ ജല വൈദ്യുത പദ്ധതിയുടെ 31.79 ശതമാനം ജോലികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതിക്കാ വശ്യമായ സ്ഥലം ലഭിക്കുവാൻ കാലതാമസം നേരിട്ടതിൽ പദ്ധതിയുടെ പുരോഗതിയിലും കാലതാമസം നേരിട്ടിട്ടുണ്ട്. പുതുക്കിയ ഷെഡ്യൂൾ അനു സരിച്ച് പദ്ധതി 9/2016-ൽ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീക രിച്ചു വരുന്നു.

4. ചെങ്കുളം ആഗ്മെന്റേഷൻ സ്കീം (85 MU)- വെസ്റ്റേൺ കല്ലാർ ആറ്റിലെ വെള്ളം ടണൽ മാർഗ്ഗം ചെങ്കുളം ഡാമിലെത്തിച്ച് ചെങ്കുളം പവർ ഹൗസിലെ വൈദ്യുതോൽ പാദനം വർദ്ധിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള താണ് ചെങ്കുളം ആഗ് മെന്റേഷൻ സ്കീം.

2009 ജൂലൈയിൽ നിർമ്മാണ പ്രവർ ത്തനം ആരംഭിച്ച ചെങ്കുളം ആഗ് മെന്റേഷൻ പദ്ധതി 2013 ജനുവരിയിൽ പൂർത്തിയാക്കേണ്ടതായിരുന്നു. ഭൂമി ഏറ്റെടുക്കുവാനു ണ്ടായ കാലതാമസവും ഭൂമിയുടെ അന്തർ ഭാഗത്തുള്ള പാറയുടെ ബലക്ഷയവുമാണ് പദ്ധതി പ്രവർത്തനങ്ങൾ നീണ്ടു പോകാൻ കാരണമാകുന്നത്. ഇപ്പോൾ പദ്ധതിയുടെ 58.54% പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി 12/2017 ഓടെ പദ്ധതി പ്രവർത്ത നങ്ങൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(signature)